Deshabhimani-25-02-2018-P-15

# അതുൽ എം കൃഷ്ണ മികച്ച വിദ്യാർഥി കർഷകൻ

കുന്നംകുളം> സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി കാർഷിക വകുപ്പ് വിദ്യാർഥികളിൽ നിന്നും ജില്ലയിലെ മികച്ച കർഷകനായി അതുൽ എം കൃഷ്ണയെ തെരഞ്ഞെടുത്തു. പഠനത്തോടൊപ്പം കാർഷിക മേഖലയിൽ പുതിയ പരീക്ഷണങ്ങളുമായി ജൈവ കൃഷിയിൽ കൈവരിച്ച നേട്ടത്തിനാണ് അതുൽ കൃഷ്ണയ്ക്ക് ഈ അംഗീകാരം. പെരുമ്പിലാവ് ടി എം ഹൈസ്കൂൾ പത്താം ക്ലാസ് വിദ്യാർഥിയാണ്.

ഒരേക്കറിൽ വിവിധയിനം പച്ചക്കറിയിനം കൃഷിയിറക്കി പുതുതലമുറയ്ക്ക് മാതൃകയാവുകയാണ് ഈ കൊച്ചു കർഷകൻ. ചെറുപ്പം മുതലേ അച്ഛനോടൊപ്പം കൃഷിയിൽ സജീവമായിരുന്നു.

ജില്ലയിലെ മികച്ച പച്ചക്കറി കർഷകനും പൊതുപ്രവർത്തകനുമായ കൊരട്ടിക്കര സ്വദേശി എം ബാലാജിയുടെയും ഗുരുവായൂർ ശ്രീകൃഷ്ണ ഹയർസെക്കൻഡറി സ്കൂൾ അധ്യാപിക ലീനയുടെയും മകനാണ്.

ഒരു മുറം പച്ചക്കറി പദ്ധതിയിലും അതുൽ കൃഷ്ണ പങ്കാളിയായിരുന്നു. വെണ്ട, വഴുതിന, പച്ചമുളക്, ചീര എന്നിവയാണ് മുഖ്യയിനങ്ങൾ. നാടൻ കോഴികളും, വിവിധയിനം മുട്ടക്കോഴികളും അതുലിന്റെ പരിചരണത്തിലുണ്ട്. പെരുമ്പിലാവിൽ ജൈവ കർഷകരുടെ കൂട്ടായ്മയിൽ പ്രവർത്തിക്കുന്ന പച്ചക്കറി ചന്തയിലാണ് ഉൽപ്പന്നം വിൽക്കുന്നത്. പഠനത്തിനും കാർഷിക വൃത്തിക്കുമൊപ്പം റെഡ്ക്രോസ് അടക്കം സാമൂഹ്യ സേവന രംഗത്തും ഈ കുട്ടി സജീവമാണ്.



▸ അതുൽ എം കൃഷ്ണ